No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2017 ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം: പുതുതായി അപേക്ഷകൾ ക്ഷണിക്കുന്നു

2017-18 അദ്ധ്യയന വർഷം കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും സി.ബി.എസ്.ഇ ലഭ്യമാക്കുന്ന "നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ്" (**NEET-UG**) 2017 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും പ്രവേശനത്തിനായി 2017 മാർച്ച് 9 വരെ പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷകൾ ക്ഷണിച്ചിരുന്നു. അതോടൊപ്പം എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ബി.ഫാം, ഫാം.ഡി എന്നീ കോഴ്സുകളിലെ പ്രവേശനത്തിനും അപേക്ഷകൾ ക്ഷണിച്ചിരുന്നു. എന്നാൽ 31.03.2017 ലെ ബഹു: സുപ്രീം കോടതിയുടെ WP(C)No. 99/2017, ബന്ധപ്പെട്ട കേസുകൾ എന്നിവയിന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ **NEET-UG 2017** പരീക്ഷയ്ക്ക് ഏർപ്പെടുത്തിയിരുന്ന 25 വയസ് എന്ന ഉയർന്ന പ്രായ പരിധി റദ്ദാക്കുകയും, **NEET-UG** പരീക്ഷയ്ക്ക് സി.ബി.എസ്.ഇ പുതുതായി അപേക്ഷകൾ ക്ഷണിയ്ക്കുകയും ചെയ്തിരുന്നു. കൂടാതെ 06.04.2017 ലെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം, 11.04.2017 ലെ സംസ്ഥാന സർക്കാർ നിർദ്ദേശം, 09.05.2017 ലെ WP(C)No. 267/2017 ലെയും ബന്ധപ്പെട്ട കേസുകളിലെയും ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം സി.ബി.എസ്.ഇ ലഭ്യമാക്കുന്ന നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും. ഈ സാഹചര്യങ്ങളിൽ സംസ്ഥാനത്തെ എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ആഗ്രഹിക്കുന്നവരും നേരത്തേ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികളിൽ നിന്നും പുതുതായി അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

KEAM 2017-ലേയ്ക്ക് നേരത്തെ അപേക്ഷകൾ സമർപ്പിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ **KEAM 2017-New Application** എന്ന ലിങ്കിൽ പുതുതായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചശേഷം അതിന്റെ പ്രിന്റൗട്ട് എടുത്ത് അനുബന്ധ രേഖകൾ സഹിതം **2017 ജൂൺ 12–ാം തീയതി വൈകുന്നേരം 5 മണി**യ്ക്കു മുൻപായി നേരിട്ടോ, രജിസ്റ്റേർഡ് പോസ്റ്റ്/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, 5–ാം നില, ശാന്തിനഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

നേരത്തേ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകൾക്ക് വേണ്ടി (KEAM 2017) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുകയും, അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകർക്ക്

മെഡിക്കൽ കോഴ്സുകൾ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കാവുന്നതാണ്. മെഡിക്കൽ കോഴ്സിനോടൊപ്പം ആവശ്യമെങ്കിൽ ആർക്കിടെക്ചർ കോഴ്സ്, ഫാർമസി കോഴ്സ് (എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ 1-ന് യോഗ്യത നേടിയവർ മാത്രം) എന്നിവയും കൂട്ടിച്ചേർക്കുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2017-Candidate Portal** ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് 'Add Course' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്. കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നിവർക്ക് മാത്രമേ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ.

കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും, പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും **04.06.2017** മുതൽ **11.06.2017 വൈകുന്നേരം 5 മണി** വരെ മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും. മെഡിക്കൽ കോഴ്സുകളിൽ പ്രവേശത്തിനായി പുതുതായി അപേക്ഷ സമർപ്പിക്കുന്ന ജനറൽ വിഭാഗം വിദ്യാർത്ഥികൾ അപേക്ഷാ ഫീസായി **800 രൂപ**യും, പട്ടിക ജാതി (എസ്.സി) വിഭാഗം വിദ്യാർത്ഥികൾ **400 രൂപ**യും ഒടുക്കേണ്ടതാണ്. പട്ടിക വർഗ്ഗം (എസ്.ടി) വിഭാഗത്തിന് അപേക്ഷാ ഫീസ് ഇല്ല. അപേക്ഷാ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ-ചെലാൻ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ഹെഡ്/സബ് പോസ്റ്റോഫീസുകളിലും ഒടുക്കാവുന്നതാണ്.

2017-18 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03.06.2017